**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2842** **13-12-2022 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി.യുടെ പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ എത്ര അധിക വൈദ്യുതി ഉല്പാദിപ്പിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്; വിശദാംശം അറിയിക്കാമോ; | (എ) | കെ.എസ്.ഇ.ബി.യുടെ സൗര പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗരനിലയങ്ങളിൽ നിന്നും, 500 മെഗാവാട്ട് സോളാർ പാർക്ക്, ഫ്ലോട്ടിംഗ് സോളാർ എന്നിവ മുഖേനയും കൈവരിക്കാനുള്ള പ്രവർത്തന ങ്ങളാണ് നടന്നുവരുന്നത്. ഇത് രണ്ടു ഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്.<br><br>**1. സൗര ഫേസ് – I നോൺ സബ്സിഡി പദ്ധതി:** ഇത് എല്ലാത്തരം ഉപഭോക്താക്കൾക്കും പങ്കാളികളാകാവുന്ന പദ്ധതിയാണ്. ഈ പദ്ധതിയിൽ നിലവിൽ 22.89 മെഗാവാട്ടിന്റെ 1922 സൗര നിലയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ 18.68 മെഗാവാട്ടിന്റെ 1814 നിലയങ്ങൾ കമ്മീഷൻ ചെയ്തു. ശേഷിക്കുന്ന നിലയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്. നിലവിൽ ഇതിൽ പുതിയ രജിസ്ട്രേഷൻ അനുവദിയ്ക്കുന്നില്ല<br><br>**2. സൗര ഫേസ് – II (സബ്സിഡി സ്കീം)**<br><br>ഗാർഹിക ഉപഭോക്താക്കൾക്ക് മാത്രം പങ്കെടുക്കാനാവുന്ന ഈ പദ്ധതിയുടെ ഭാഗമായി 1 മുതൽ 3 കിലോവാട്ട് ശേഷിയുള്ള നിലയങ്ങൾക്ക് 40 ശതമാനവും 4 മുതൽ 10 കിലോവാട്ട് വരെ ശേഷിയുള്ള നിലയങ്ങൾക്ക് ആദ്യ 3 കിലോവാട്ടിന് 40 ശതമാനവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 20 ശതമാനം സബ്സിഡിയുമാണ് കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം നൽകിവരുന്നത്. 10 കിലോവാട്ടിന് മുകളിൽ സബ്സിഡിയില്ല. എന്നാൽ ഹൗസിംഗ് സൊസൈറ്റികൾക്ക് 10 കിലോവാട്ടിനു മുകളിൽ 500 കിലോവാട്ട് വരെ 20 ശതമാനം സബ്സിഡി അനുവദിക്കുന്നുണ്ട്. നിലവിൽ ഈ പദ്ധതിയിൽ 81.65 മെഗാവാട്ടിന്റെ 22125 നിലയങ്ങൾ കമ്മീഷൻ |

| | | | |
|---|---|---|---|
| | | | ചെയ്തു. രണ്ടു പദ്ധതികളിലുമായി സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ആകെ 100.33 മെഗാവാട്ടിന്റെ 23939 നിലയങ്ങൾ കമ്മീഷൻ ചെയ്തു.<br><br>കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കുന്ന കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ 25 മെഗാവാട്ട് ശേഷി അനെർട്ട് മുഖേന സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | ബാലുശ്ശേരി മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; | (ബി) | ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ (RTS) നിലവിൽ സൗര ഫേസ്–I (നോൺ സബ്സിഡി) പദ്ധതിയിൽ 8 സൗര നിലയങ്ങളും (152 Kwp) സൗര ഫേസ്-II (സബ്സിഡി) പദ്ധതിയിൽ 34 സൗരനിലയങ്ങളും (117 Kwp) കമ്മീഷൻ ചെയ്തു. രണ്ടാം ഘട്ട പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.<br><br>ഗാർഹിക പുരപ്പുറ സൗരോർജ്ജ സബ്സിഡി പദ്ധതിയിൽ ബാലുശ്ശേരി മണ്ഡലത്തിൽ നിന്നും അനെർട്ടിന് ഇതുവരെ 16 പേരിൽ നിന്ന് ആകെ 51 കിലോവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ ആകെ 6 കിലോവാട്ട് ശേഷിയുള്ള 2 പ്ലാന്റുകൾ സ്ഥാപിച്ച് ഉത്പാദനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതിയ്ക്കായുള്ള അപേക്ഷയിന്മേൽ എത്രപേരുടെ അപേക്ഷയിലാണ് പദ്ധതി ഇനിയും നടപ്പിലാക്കാനുള്ളതെന്ന വിവരം ലഭ്യമാക്കുമോ? | (സി) | ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ സൗര പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ ലഭിച്ച അപേക്ഷകളിൽ കെ.എസ്.ഇ.ബി.എൽ.-ന് 48 ഉം അനെർട്ടിന് 14 ഉം അപേക്ഷകളിന്മേൽ പദ്ധതി നടപ്പാക്കാനുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ